# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 12/2023
# 14.01.2024 ഗൂഗിൾ മീറ്റ്

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജന.സെക്രട്ടറി റിപ്പോർട്ട്
4. വാർഷിക സമ്മേളനങ്ങൾ
5. സെക്രട്ടറിയേറ്റ് മാർച്ച്
6. മറ്റ് ബന്ധപ്പെട്ടവ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ഗീതാനമ്പ്യാർ എം.കെ., സന്തോഷ് ടി. വർഗീസ്, ഡോ. വിനു ഭാസ്കർ, ഡോ. പ്രിൻസ് പി.ആർ., ഡോ. എം.എസ്. മുരളി, ശശി സി.ടി., ഡോ. വിഷ്ണു വി.എസ്., ഡോ. എ. ബാലകൃഷ്ണൻ, ഡോ. ഗായത്രി ദേവി ജി., ഡോ. അജി. പി. എൽ., ഡോ. ആർ. പ്രഗാഷ്, സുശാന്ത് പി., ഡോ. സഞ്ജയ് എസ്., ഡോ. ബേബി ഷീബ സി. പി., ഡോ. ജിനീഷ് പി. എസ്., സോബിൻ വർഗീസ്, ഡോ. മഞ്ജുള കെ. വി., സജിത്ത് കുമാർ പി., സുനിത ഗണേഷ്, ഡോ. എം. എ. അസ്കർ, ഡോ. മുഹമ്മദ് ബഷീർ ടി., ഡോ. ആനന്ദ് ടി. എ., ഡോ. റോസ് നിക്സ് പി.കെ. ഡോ. മാണിക്ക്യരാജ് കെ., ഡോ. റിജുലാൽ ജി., രാജു എം. സി., ഡോ. കെ. റഹീം, ഡോ. മോത്തി ജോർജ്, ഡോ. രഞ്ജിത്ത് മോഹൻ, അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. സുജ ടി.വി., ആൽബർട്ട് ആൻറണി ടി., രജിത സി. ആർ., ഡോ. ഉദയകുമാർ, ഡോ. ദിനേശൻ പി.കെ., ഡോ. ശരത്ത് എസ്., ഡോ. ഷാനവാസ് പി. എച്ച്., ആസിഫ് ഇഖ്ബാൽ കാക്കശ്ശേരി.

വൈകുന്നേരം 8.30 മണിക്ക് ഓൺലൈനായി ചേർന്ന സംസ്ഥാന പ്രവർത്തക സമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എൻ. മനോജ് ആദ്ധ്യക്ഷ്യം വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ.ഗീതാനമ്പ്യാർ എം. കെ. അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

നാടകപ്രവർത്തകൻ പ്രശാന്ത് നാരായണൻ, പ്രശസ്ത നോവലിസ്റ്റ് ജോസഫ് വൈറ്റില,പ്രശസ്ത നാടക കലാകാരൻ ആലപ്പി ബെന്നി, ജർമൻ ഫുട്ബോൾ ഇതിഹാസം ഫ്രാൻസ് ബെക്കൻബോവർ, കോൺഗ്രസ് നേതാവും മുൻ മന്ത്രിയുമായിരുന്ന ടി.എച്ച് മുസ്തഫ തുടങ്ങിയവരുടെ വേർപാടിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തക സമതി യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

ഇതേ തുടർന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് ടി. റിപ്പോർട്ട് അവതരിപ്പിച്ചു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ് കോടതിയുടെ നിർദ്ദേശപ്രകാരം മാത്രമേ ഈ വിഷയത്തിൽ കാര്യങ്ങൾ മുന്നോട്ട് പോവുകയുള്ളൂ. പ്രൊഫസർഷിപ്പ് സംബന്ധിച്ച് അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സർക്കുലർ ഇറങ്ങിയിട്ടുണ്ട്. ഇനി മുതൽ വർഷത്തിൽ രണ്ടു തവണ അപേക്ഷ നൽകുവാൻ സാധിക്കും.

ബി.ഓപ്ഷൻ അസോസിയേറ്റ് പ്ലെയ്സ്മെന്റ് ലഭിച്ച അധ്യാപകർക്ക് പേ സ്ലിപ്പ് നൽകുന്നതിൽ പുതിയ യു.ജി.സി ഭേദഗതിയുടെ പശ്ചാത്തലത്തിൽ എ.ജി ഓഫീസ് വീണ്ടും തടസ്സവാദം ഉന്നയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സംഘടന വീണ്ടും ധനകാര്യ വകുപ്പിൽ ഇടപെടൽ നടത്തിവരുന്നു. ലോ കോളേജ് അധ്യാപകരുടെ പ്ലെയ്സ്മെന്റ് എത്രയും നടക്കുന്നതാണ്. ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽ നിയമനം വേഗത്തിലാക്കാൻ വേണ്ട ഇടപെടൽ നടത്തിവരുന്നു. അധ്യാപകരുടെ 2024-25 അക്കാദമിക് വർഷത്തെ പൊതു സ്ഥലംമാറ്റം സംബന്ധിച്ച സർക്കുലർ എത്രയും വേഗം ഇറക്കാൻ വേണ്ട ഇടപെടൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നടത്തിയിട്ടുണ്ട്. സർവീസ് മേഖലയിലെ ഡി.എ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള സംസ്ഥാനതല സെക്രട്ടറിയേറ്റ് മാർച്ച് ജനുവരി 29 ന് നടക്കുന്നതാണ്. ഇതിൽ ജില്ലയിൽ നിന്നുള്ള പങ്കാളിത്തം കൃത്യമായി ഉറപ്പാക്കണം. മാർച്ച് 2,3 തീയ്യതികളിൽ കണ്ണൂരിൽ ചേരുന്ന സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായുള്ള യൂണിറ്റ്/ ജില്ലാ സമ്മേളനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിക്കണം.സംസ്ഥാന സമ്മേളന പ്രതിനിധികൾ, നിരീക്ഷകർ എന്നിവരെ യൂനിറ്റുകൾ നേരത്തേ നിശ്ചയിക്കണം.

അസ്സോസ്സിയേറ്റ് പ്രൊഫസ്സർ/ പ്രൊഫസ്സർ പ്ലെയ്സ്മെന്റ് ലഭിക്കുന്ന അധ്യാപകരുടെ പി.എച്ച്.ഡി സർട്ടിഫിക്കേറ്റ് വെരിഫിക്കേഷൻ സംബന്ധിച്ച വിഷയത്തിൽ സംഘടന കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ആവശ്യമായ ഇടപെടൽ നടത്തിയിട്ടുണ്ട്.കണ്ണൂരിൽ വെച്ച് നടക്കുന്ന സംസ്ഥാന സമ്മേളനത്തിന്റെ സ്വാഗത സംഘം രൂപീകരണയോഗം ജനുവരി 16 ന് നടക്കും. യാത്രയയപ്പ് സമ്മേളനവും, വനിതാ സമ്മേളനവും സാങ്കേതികമായ ചില അസൗകര്യങ്ങൾ കാരണം ഫെബ്രുവരി 24ന് നടത്തുന്ന കാര്യം ഇന്നത്തെ യോഗം പുനപരിശോധിക്കണം. ജനുവരി 19, 20, 21 തീയ്യതികളിൽ കാൺപൂരിൽ നടക്കുന്ന ഐഫെക്ടോ കോൺഫറൻസിൽ സംഘടനയിൽ നിന്നും ഒൻപത്പേർ പങ്കെടുക്കുന്നുണ്ട്.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് അജണ്ടകളിമേൽ വിശദമായ ചർച്ച നടന്നു. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങളെടുത്തു.

1. സർവ്വീസ് മേഖലയിലെ ഡി.എ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് 2024 ജനുവരി 29 ന്റെ സെക്രട്ടറിയേറ്റ് മാർച്ചും ധർണ്ണയും വൻ വിജയമാക്കണം. ഇതിൽ ജില്ലകളിൽ നിന്നും നിശ്ചയിച്ച പ്രകാരം പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
2. സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായുള്ള യൂണിറ്റ്, ജില്ലാ സമ്മേളനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കണം.
3. സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി ഫെബ്രുവരി 21 ബുധനാഴ്ച യൂണിറ്റുകളിൽ പതാകദിനം ആചരിക്കണം.
4. യാത്രയയപ്പ് സമ്മേളനം, വനിതാ സെമിനാർ എന്നിവ സാങ്കേതികമായ അസൗകര്യങ്ങൾ നേരിട്ടതിനാൽ മുൻ നിശ്ചയിച്ചതിൽ നിന്നും വ്യത്യസ്തമായി ഫെബ്രുവരി 17ന് ശനിയാഴ്ച എറണാകുളത്ത് വെച്ച് നടത്താൻ തീരുമാനിച്ചു.
5. സംസ്ഥാന സമ്മേളന ഫണ്ട് ഈ മാസംതന്നെ പൂർത്തീകരിക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ യൂണിറ്റുകളിൽ നടത്തണം.

യോഗം രാത്രി 10 മണിക്ക് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
14-01-2024

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി